പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 119

# 2022-ലെ കേരള ആധുനിക സാമൂഹ്യ സഹകരണ കാർഷികോൽപ്പന്ന സംസ്ക്കരണവും-വിപണനവും സുഗമമാക്കൽ ബിൽ

(ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2022-ലെ കേരള ആധുനിക സാമൂഹ്യ സഹകരണ കാർഷികോൽപ്പന്ന സംസ്ക്കരണവും-വിപണനവും സുഗമമാക്കൽ ബിൽ

(ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

758/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 119

# 2022ലെ കേരള ആധുനിക സാമൂഹ്യ സഹകരണ കാർഷികോൽപ്പന്ന സംസ്ക്കരണവും–വിപണനവും സുഗമമാക്കൽ ബിൽ

(ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ കാർഷികവൃത്തി ആധുനികവൽക്കരിക്കുന്നതിനും വിള അടിസ്ഥാനത്തിൽ ആധുനിക കാർഷിക സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിച്ചു കാർഷികോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും അവ സംഭരിച്ച് സംസ്കരണത്തിലൂടെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റി ആധുനിക–വിപണന രീതി അവലംബിച്ച് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാരെ സംരക്ഷിക്കുന്നതിനും കർഷക തൊഴിലാളിക്ക് അധിക വേതനവും കൃഷിക്കാർക്ക് അധിക വരുമാനവും ഉറപ്പു വരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ, അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക:—സംസ്ഥാനത്ത് കാർഷികവൃത്തിയെ പരിപോഷിപ്പിക്കുന്നതിനും കർഷകരുടെയും കർഷകതൊഴിലാളികളുടേയും സാമൂഹ്യ സുരക്ഷിതത്വവും പുരോഗതിയും ഉറപ്പുവരുത്തേണ്ടതും ഒരു പുരോഗമന സമൂഹത്തിന്റെ ബാധ്യതയായതിനാലും കാർഷിക വൃത്തി ആധുനികവൽക്കരിക്കുന്നതിനും കാർഷികോൽപന്നങ്ങൾക്കും ന്യായവില ഉറപ്പാക്കുന്നതിനും കാർഷികോൽപന്നങ്ങൾ സംഭരിച്ച്–സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കിമാറ്റി ആധുനിക വിപണന രീതി അവലംബിച്ച് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാരെ സംരക്ഷിക്കുന്നതിനും മൂല്യവർദ്ധനവിലൂടെ ലഭിക്കുന്ന മിച്ച വരുമാനത്തിൽ നിന്നും കർഷകതൊഴിലാളികൾക്ക് അധികവേതനവും കൃഷിക്കാർക്ക് അധിക വിലയും ഉറപ്പാക്കുന്നതിനും, സഹകരണ കൃഷിയിലൂടെ ചെറുകിട ഇടത്തരം കർഷകരെയും കർഷക തൊഴിലാളികളെയും സംരക്ഷിക്കാനും അവരെ ആധുനിക കാർഷിക സംരംഭകരും ആധുനിക കാർഷിക ഫാം തൊഴിലാളികളും ആയി പരിവർത്തിപ്പിക്കാനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയായൽ;

758/2022.

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു.

1. <u>ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും:</u>—(1) ഈ ആക്ടിന് ''2022-ലെ കേരള ആധുനിക സാമൂഹ്യ സഹകരണ കാർഷികോൽപ്പന്ന സംസ്കരണവും-വിപണനവും സുഗമമാക്കൽ ആക്ട്'' എന്ന് പേരു പറയാം.

(2) ഈ നിയമത്തിന്റെ പരിധി കേരള സംസ്ഥാനമൊട്ടാകെ ആയിരിക്കും.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവചനങ്ങൾ:</u>— ഈ നിയമത്തിന്റെ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(ബി) നിർണ്ണയിക്കപ്പെട്ട എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണയിക്കപ്പെട്ടത് എന്ന് അർത്ഥമാകുന്നു;

(സി) ''വകുപ്പ്'' എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്ന് അർത്ഥമാകുന്നു;

(ഡി) ''വിജ്ഞാപനം'' എന്നാൽ ഈ ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്ന് അർത്ഥമാകുന്നു;

(ഇ) ''ഫണ്ട്'' എന്നാൽ അതത് കാർഷിക സാമൂഹിക സഹകരണ സ്വയംസഹായ സഹകരണ സംഘം അംഗങ്ങളുടെ വായ്പ, നിക്ഷേപം, വിവിധ ധനസഹായ സ്ഥാപനങ്ങളിൽ നിന്ന് വ്യവസ്ഥാപിതമായി വാങ്ങുന്ന വായ്പാ ഗ്രാന്റ്, വിവിധ പദ്ധതി പ്രകാരം സർക്കാരുകൾ നൽകുന്ന തുകയും എന്ന് അർത്ഥമാക്കുന്നു;

(എഫ്) ''ആധുനിക കാർഷികവൃത്തി'' എന്നാൽ സംസ്ഥാനത്ത് നടന്നു വരുന്ന പരമ്പരാഗതവും ആധുനിക കൃഷി സമ്പ്രദായം സംയോജിപ്പിക്കുന്നതും കൂട്ടുകൃഷിയിലൂടെ കാർഷിക മേഖലയെ പരിപോഷിപ്പുന്നതിനും ഉതകുന്നതുമായ കാർഷികവൃത്തി എന്ന് അർത്ഥമാക്കുന്നു.

(ജി) ''കാർഷികോൽപന്ന സംഭരണം'' എന്നാൽ സംസ്ഥാനത്തെ വിവിധ കാർഷിക മേഖലകളിൽ ഉൽപാദിപ്പിക്കുന്ന വിവിധതരം കാർഷികോൽപന്നങ്ങൾ അതത് കൃഷിയിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായവില നൽകി ശേഖരിച്ച് ബ്ലോക്കുതല, സംസ്ഥാനതല സംഭരണ കേന്ദ്രങ്ങളിൽ കേടുകൂടാതെ സൂക്ഷിക്കുന്ന ആധുനിക സംഭരണകേന്ദ്രം എന്ന് അർത്ഥമാക്കുന്നു;

(എച്ച്) "ആധുനിക കാർഷിക സംസ്ക്കരണ വ്യവസായം'' എന്നാൽ കർഷകരിൽ നിന്നും കാർഷിക കൂട്ടായ്മയിൽ നിന്നും അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ശേഖരിച്ച് സംഭരിക്കുകയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അവ മൂല്യ വർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റിത്തീർക്കുകയും ചെയ്യുന്ന ശാല എന്ന് അർത്ഥമാകുന്നു;

(ഐ) ''കാർഷികോൽപന്ന വിപണനം'' എന്നാൽ കാർഷിക സാമൂഹിക സഹകരണ സ്വയം സഹായ സംഘങ്ങളിൽ നിന്നും ശേഖരിച്ച് സംഭരിക്കുന്ന കാർഷികോൽപന്നങ്ങളും അവ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി സമയബന്ധിതമായി വിൽപന നടത്തുന്നതിനുമായി പരമ്പരാഗതമായതും ഓൺലൈൻ ഡിജിറ്റൽ വ്യാപാരവും സംയോജിപ്പിച്ച് പ്രാദേശികവും വൈദേശികവുമായ മാർക്കറ്റിങ് ഫെഡറേഷനുകളും വിപണന സൗകര്യങ്ങൾ ഒരുക്കുക എന്ന് അർത്ഥമാക്കുന്നു;

(ജെ) ''കാർഷിക സാമൂഹ്യ സഹകരണ സ്വയം സഹായ സംഘങ്ങൾ'' എന്നാൽ സംസ്ഥാനത്തെ കാർഷിക മേഖലകൾ ഉൾക്കൊള്ളുന്ന പഞ്ചായത്തിലോ, പഞ്ചായത്തുകൾ ചേർന്ന പരിധിയിലോ, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നീ പരിധിയിലോ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ ചേർന്നു രൂപീകരിച്ചതും ബ്ലോക്കുതല കാർഷിക സാമൂഹിക സഹകരണ സംഘങ്ങളുടെ അഫിലിയേഷൻ ലഭിച്ചിട്ടുള്ളതുമായ കാർഷിക സ്വയംസഹായ സംഘം എന്ന് അർത്ഥമാകുന്നു;

(കെ) ''ബ്ലോക്കുതല കാർഷിക സാമൂഹ്യസഹകരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ'' എന്നാൽ കേരള സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ 8 മുതൽ 12 വരെയുള്ള ബ്ലോക്ക് പഞ്ചായത്തുകൾ ചേർന്നുള്ള റീജിയനുകൾക്ക് താഴെ കർഷക സ്വയംസഹായ സംഘങ്ങളുടെ ഏകോപനത്തിനും നിയന്ത്രണത്തിനും വികസന ത്തിനുമായി രൂപീകരിച്ചിട്ടുള്ളതും സംസ്ഥാന ആധുനിക കാർഷിക സാമൂഹിക സഹക രണ സംഘം വിപണന കേന്ദ്രത്തിന്റെ അംഗീകാരത്തോടുകൂടിയും നിർദ്ദേശങ്ങൾക്ക് അനുസരിച്ചും പ്രവർത്തിക്കുന്നതുമായ ബ്ലോക്കുതല കേന്ദ്രം എന്ന് അർത്ഥമാക്കുന്നു;

(എൽ) ''സംസ്ഥാനതല ആധുനിക കാർഷിക സാമൂഹിക സഹകരണ സംസ്കരണ വിപണന കേന്ദ്രം'' എന്നാൽ സംസ്ഥാനത്തെ ബ്ലോക്കുതല റീജയണുകളിലെ കാർഷിക സഹകരണ കേന്ദ്രങ്ങളുടെ ഏകോപനത്തിനും നിയന്ത്രണത്തിനും വികസനത്തിനുമായി സംസ്ഥാന അടിസ്ഥാനാത്തിൽ രൂപീകരിച്ചിട്ടുള്ള കേന്ദ്രം എന്ന് അർത്ഥമാകുന്നു.

3. <u>പ്രാദേശിക കാർഷിക സാമൂഹിക സഹകരണ സ്വയം സഹായ സംഘളുടെ രൂപീകരണവും പ്രവർത്തനങ്ങളും</u>.—(1) കാർഷികവൃത്തി തൊഴിലായി സ്വീകരിച്ച വരും നിർദ്ദിഷ്ട തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ അധിവസിക്കുന്നവരോ, കൃഷി നടത്തിവരുന്നവരോ ആയ ഇരുപതിൽ കുറയാത്തതും നാൽപതിൽ അധികരിക്കാത്തതു മായ കർഷകരും കർഷക തൊഴിലാളികളും ചേർന്ന് അതത് ബ്ലോക്ക് കാർഷിക സാമൂഹിക സഹകരണ സംസ്കരണ വിപണന കേന്ദ്രത്തിന്റെ അംഗീകാരത്തോ ടെയും നിയന്ത്രണത്തിലും പ്രവർത്തിക്കുന്നതിനായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

(2) സംസ്ഥാനത്തെ കാർഷിക മേഖലയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഒരേതരത്തിലോ, വ്യത്യസ്ത തരത്തിലോ ഉള്ള കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഒരു കൂട്ടായ്മയാണ് – പ്രാദേശിക കാർഷിക സാമൂഹിക സഹകരണ സ്വയം സഹായ സംഘങ്ങൾ. ഇവയെ പ്രൈമറി അഗ്രി കൾച്ചറൽ സോഷ്യൽ കോ-ഓപറേറ്റീവ് ഗ്രൂപ്പുകൾ (പി.എ.എസ്.സി.ജി.) എന്ന് ചുരുക്കപ്പേര് വിളിക്കാം.

(3) പ്രസ്തുത സംഘത്തിന് അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുണ്ടായിരിക്കുന്നതാണ്.

(4) പ്രസ്തുത സംഘത്തിന് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ അംഗീകൃത ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങേണ്ടതാണ്.

(5) സ്വയം സഹായ സംഘത്തിന്റെ യോഗം രണ്ട് മാസത്തിൽ ഒരിക്കൽ നിർബന്ധമായും മറ്റ് അത്യാവശ്യ ഘട്ടങ്ങളിലും ചേരേണ്ടതാണ്. യോഗത്തിന്റെ കോറം ഇരുപതോ അംഗസംഖ്യയുടെ മൂന്നിലൊന്നോ ഏതാണോകുറവ് അതായിരിക്കുന്നതാണ്.

(6) സ്വയം സഹായ സംഘം യോഗത്തിൽ സംഘത്തിന്റെ പ്രസിഡന്റ് അധ്യക്ഷത വഹിക്കേതാണ്. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റിന് അധ്യക്ഷത വഹിക്കാവുന്നതാണ്.

(7) സംഘത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനും രേഖകൾ സൂക്ഷിക്കുന്നതിനും ഒരു ഓഫീസ് ആവശ്യമാണ്. ഓഫീസിന്റെ ദൈനംദിന പ്രവർത്തന ങ്ങൾ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

(8) എല്ലാ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ സംഘത്തിന്റെ ഒരു വാർഷിക പൊതുയോഗം ചേരുകയും തനതുവർഷത്തെ വരവ്-ചെലവ് കണക്കുകൾ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. വാർഷിക യോഗത്തിൽ

വച്ച് സംഘം ഭാരവാഹികളെ തുടരാൻ അനുവദിക്കുകയോ, അല്ലെങ്കിൽ തെരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാണ്. ഓരോ സ്ഥാനങ്ങളിലേയ്ക്ക് ഒന്നിലധികം പേരുകൾ നിർദ്ദേശിക്കപ്പെട്ടാൽ അംഗങ്ങളെ രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുക്കാവുന്നതാണ്.

(9) വാർഷിക യോഗത്തിൽ ബ്ലോക്കുതല സമതിയിലെ പ്രതിനിധികൾ നിരീക്ഷകരായി എത്തുകയും നടപടിക്രമങ്ങൾ പരിശോധിച്ച് സംഘത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽ കേണ്ടതുമാണ്.

(10) ഓരോ സ്വയംസഹായ സംഘത്തിന്റെയും പ്രവർത്തന പരിധിയിൽ കാർഷികവൃത്തി സ്വീകരിച്ചുവരുന്നവരുമായും സമാന സ്വഭാവമുള്ള മറ്റുസംഘങ്ങളുമായും സഹകരിച്ച് പ്രവർത്തനം നടത്താവുന്നതാണ്.

(11) അതത് സ്വയംസഹായ സംഘങ്ങൾ സംഘങ്ങളുടെ പരിധിയിൽ കാർഷിക വൃത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനിക കൃഷി രീതികൾ അവലംബിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സഹകരണ കൃഷി, കാർഷിക ആസൂത്രണ പദ്ധതികൾ എന്നിവ നടപ്പാക്കുന്നതി നും പരിശ്രമി ക്കേതാണ്. കൃഷി ഭൂമിയുടെ സ്വകാര്യ ഉടമസ്ഥതയും ഉടമസ്ഥനു ഭൂമിയിൽ നിന്നുള്ള ആദായവും ഉറപ്പുവരുത്തി സഹകരണ കൃഷി പദ്ധതികൾ ആവിഷ് കരി ക്കേണ്ട താണ്.

(12) ഓരോ കൃഷിയിടത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് പരിസ്ഥിതി സൗഹൃദ കൃഷിയിടങ്ങൾ, ജൈവകൃഷിയിടങ്ങൾ, ഫാം കൃഷി, മത്സ്യകൃഷി തുടങ്ങിയവയും സംയോജിത കൃഷിയും വ്യാപരിപ്പിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ നടത്തണം.

(13) കൃഷി ഭൂമിയുടെ വിസ്തൃതിക്കായി തരിശുനിലകൃഷി, പാട്ടകൃഷി, കരകൃഷി, ഗാർഹിക കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുകയും കൃഷിക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ഉൽപന്നങ്ങൾ ഏറ്റെടുത്ത് അവയ്ക്ക് മതിയായ വില നൽകുന്നതിനും കഴിയുന്ന തരത്തിൽ പദ്ധതികൾ നടപ്പാക്കേതാണ്.

4. <u>പ്രാദേശിക സ്വയംസഹായ സംഘങ്ങളിലെ അംഗത്വം, ഉത്തരവാദി ത്തം, അംഗങ്ങളെ പുറത്താക്കൽ.</u>—(എ) നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധിയിലെ താമസക്കാരനും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ആളും കാർഷികോൽപന്നങ്ങൾ സംഘത്തിന്റെ കേന്ദ്രീകൃത വിപണയിലേക്ക് ശേഖരിച്ച് എത്തിക്കുന്നതിന് പ്രാപ്തിയുള്ള ആളും പ്രസ്തുത സ്വയംസഹായ സംഘത്തിന്റെ നിയമത്തിനും നിബന്ധനയ്ക്കും വിധേയമായി പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള ആളും സ്ഥിരബുദ്ധിയുള്ളതും പ്രായപൂർത്തിയാതുമായ വ്യക്തിക്കും പ്രാദേശിക സ്വയംസഹായ സംഘത്തിന്റെ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്.

(ബി) സംഘത്തിന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ തക്കതായ കാരണം കൂടാതെ പങ്കെടുക്കാതിരിക്കുകയോ, അവരവരുടെ കൃഷി വിളവെടുപ്പിന്റെ എല്ലാ ഇടവേളകളിലും കാർഷികോൽപന്നങ്ങൾ സംഘത്തിന്റെ സംഭരണ ശാലയിൽ ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ, സംഘത്തിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുന്ന അംഗ കർഷകർക്ക് അംഗത്വത്തിൽ തുടരാൻ അർഹത ഉണ്ടാകുന്നതല്ല. വീഴ്ചവരുത്തുന്ന ആളും സംഘത്തിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ആളും അംഗത്വത്തിൽ നിന്നും പുറത്താക്കപ്പെടും. സംഘത്തിന്റെ അംഗത്വത്തിൽ നിന്നും അകാരണമായി പുറത്താക്കിയാൽ ആ അംഗത്തിന് ബന്ധപ്പെട്ട ബ്ലോക്ക് സമിതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(സി) സംഘത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കാൻ എല്ലാ അംഗങ്ങളും ബാധ്യസ്ഥരാണ്.

(ഇ) അംഗങ്ങൾ സംഘം തീരുമാനിക്കുന്ന അംഗത്വ ഫീസ് പ്രതിമാസ വരിസംഖ്യ തുടങ്ങിയവ നൽകേണ്ടതും തങ്ങളുടെ വിളവ് സംഘം കേന്ദ്രത്തിൽ അളവ് നടത്തേണ്ടതുമാണ്.

(എഫ്) സംഘത്തിന്റെ കീഴിൽ കൂട്ടുകൃഷി നടത്തുന്നതിന് ആവശ്യമായ തുക കണ്ടെത്താനുള്ള ഉത്തരവാദിത്വം ഓരോ അംഗത്തിനുമുണ്ട്. അംഗങ്ങളിൽ നിന്നും വായ്പ, നിക്ഷേപം എന്നിവയ്ക്ക് പുറമെ ബാങ്ക് വായ്പ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ, വിവിധ സർക്കാർ വകുപ്പുകളുടെ പദ്ധതി വിഹിതം എന്നിവയും ധനസമാഹരണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

(ജി) സംഘാംഗങ്ങൾ സ്വന്തംനിലയിൽ ഉത്പ്പാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് സംഘത്തിന്റെ ഉത്തരവാദിത്വമാണ്.

(എച്ച്) സംഘത്തിലെ അംഗ കർഷകരുടെ ഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച് മൂല്യവർദ്ധനവ് വരുത്തി വിൽപ്പന നടത്തുന്നതിലൂടെ ലഭിക്കുന്ന തുകയിൽ കൃഷിച്ചെലവും സംഭരണ– സംസ്ക്കരണ–ഗതാഗത– വ്യാപാര ചെലവുകളും കഴിഞ്ഞ് ശേഷിക്കുന്ന മിച്ചവരുമാനത്തിൽ നിശ്ചിത ശതമാനം തുക ഉൽപ്പന്നത്തിന്റെ അളവിന് ആനുപാതികമായി അതതു കർഷകർക്ക് അധിക വിലയും കർഷക തൊഴിലാളികൾക്ക് അധിക വേതനവും ആയി ലഭിക്കുമെന്ന് ഉറപ്പുവരുത്തേതാണ്.

(ഐ) സംഘത്തിന്റെ ആസ്തിബാധ്യതകൾ സംഘാംഗങ്ങളിൽ നിക്ഷിപ്തമായിരിക്കും.

(ജെ) സംഘത്തിന്റെ സാധാരണ യോഗങ്ങൾക്ക് മൂന്ന് ദിവസം മുമ്പും വാർഷിക യോഗം ഒരാഴ്ചയ്ക്ക് മുമ്പും അംഗങ്ങളെ അറിയിക്കേണ്ടതാണ്. പ്രസിഡന്റിന്റെ അനുമതിയോടെ യോഗം വിളിച്ചുചേർക്കുകയും യോഗത്തിന്റെ മിനിറ്റ്സ്

എഴുതി സൂക്ഷിക്കേണ്ടതും വരവു–ചെലവുകൾ എഴുതി സൂക്ഷിക്കുകയും വാർഷിക യോഗത്തിലും ആവശ്യമെങ്കിൽ മറ്റു യോഗത്തിലും അവതരിപ്പിക്കുകയും ചെയ്യേണ്ട തും സംഘത്തിന്റെ കത്തിടപാടുകൾ നടത്തേണ്ടതും സെക്രട്ടറിയുടെ ചുമതലയാണ്.

(കെ) സംഘത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, യോഗങ്ങളിലും മറ്റുപരിപാടികളിലും അധ്യക്ഷത വഹിക്കുക, രേഖകളിൽ ഒപ്പുവയ്ക്കുക, വരവു–ചെലവു കണക്കുകളും മറ്റു രേഖകളും പരിശോധിക്കുക, സുതാര്യവും സുഗമവുമായ സംഘം പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുക എന്നത് സംഘം പ്രസിഡന്റിന്റെ ഉത്തരവാദിത്തമാണ്. പ്രസിഡന്റിന്റെ അഭാവത്തിൽ ഈ ഉത്തരവാദിത്തങ്ങൾ വൈസ്പ്രസിഡന്റിൽ വന്നുചേരുന്നതാണ്.

5. <u>ബ്ലോക്കുതല കാർഷിക സാമൂഹ്യ സഹകരണ സംസ്കരണ വിപണന കേന്ദ്രങ്ങളുടെ രൂപീകരണം, ഘടന, കർത്തവ്യങ്ങൾ</u>

(1) ഒരു ജില്ലയിലെയോ തൊട്ടടുത്ത രണ്ട് ജില്ലകളിലെയോ എട്ടിൽ കുറയാത്തതും പന്ത്രണ്ടിൽ കൂടാത്തതുമായ ബ്ലോക്ക് പഞ്ചായത്തുകൾ ചേരുന്നതാണ് ബ്ലോക്കുതല റീജിയ ണുകളുടെ പ്രവർത്തന പരിധി. (താഴെ കൊടുത്തിരിക്കുന്നത് ഒരു ഉദാഹരണം മാത്രമാണ്.)

1. കാസർഗോഡ്–6, കണ്ണൂരിലെ–2 ബ്ലോക്ക് പഞ്ചായത്തുകൾ ചേർന്ന്—8
2. കണ്ണൂരിലെ–9 ബ്ലോക്ക് പഞ്ചായത്ത് — 9
3. കോഴിക്കോട്ടെ–12 ബ്ലോക്ക് പഞ്ചായത്തുകൾ — 12
4. വയനാട്ടിലെ–4ഉം, മലപ്പുറത്തെ–5ഉം ചേർന്ന് —9
5. മലപ്പുറം — 10
6. പാലക്കാട് —10
7. പാലക്കാട് –3, തൃശൂർ – 6 ചേർന്ന് — 9
8. തൃശൂർ — 10
9. എറണാകുളം — 10
10. എറണാകുളം–4, ഇടുക്കി–8 — 12
11. കോട്ടയം — 10

12. ആലപ്പുഴ —11

13. പത്തനംതിട്ട–9, ആലപ്പുഴ–1 — 10

14. കൊല്ലം—11

15. തിരുവനന്തപുരം— 11

(സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളെ 15 ബ്ലോക്ക് റീജിയണുകളായി തിരിച്ചു. ഭരണപരമായ സൗകര്യത്തിന് 15 എന്നത് 30 ആക്കുന്നത് നന്നായിരിക്കും)

(സംസ്ഥാനത്ത് നിലവിലുള്ള 152 ബ്ലോക്കുപഞ്ചായത്തുകളെ ഓരോ ബ്ലോക്കു സംഘങ്ങളായി തിരിക്കുന്നതും നല്ലതാണ്)

(2) ബ്ലോക്കുതല റീജിയണുകളിൽ സ്വയംസഹായ സംഘങ്ങളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരോ അവർക്ക് പകരമായി അതത് സ്വയം സഹായ സംഘങ്ങളുടെ ഭരണസമിതിയിൽ നിന്നും ശിപാർശ ചെയ്യുന്ന അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ട 15 അംഗങ്ങളുടെ ബ്ലോക്കുതല ഭരണസമിതി (എക്സ് ഒഫീഷ്യോ ഒഴികെ) രൂപീകരിക്കാവുന്നതാണ്.

(എ) ബ്ലോക്കുതല സമിതികളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന 15 പേരിൽ നാലു വനിതകളും ഒരു എസ് സി & എസ് ടി വിഭാഗങ്ങളിൽ നിന്നുമുള്ളവർ നിർബന്ധമായും ഉണ്ടാകേണ്ടതും ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലാത്തതുമാണ്.

(ബി) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ബ്ലോക്ക് കൃഷി ഓഫീസർ – (എക്സ് ഒഫീഷ്യോ)

(സി) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ബ്ലോക്ക് ഫിഷറീസ് ഓഫീസർ – (എക്സ് ഒഫീഷ്യോ)

(ഡി) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ – (എക്സ് ഒഫീഷ്യോ)

(ഇ) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ബ്ലോക്ക്തല വ്യവസായ വകുപ്പ് ഓഫീസർ – (എക്സ് ഒഫീഷ്യോ)

(എഫ്) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ബ്ലോക്ക്തല റവന്യു ഓഫീസർ – (എക്സ്സ് ഒഫീഷ്യോ)

(ജി) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സഹകരണ അസിസ്റ്റന്റ് രജിസ്റ്റാർ – (എക്സ് ഒഫീഷ്യോ)

(3) ബ്ലോക്കുതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളിൽ നിന്നും പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്.

(തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ തെരഞ്ഞെടുക്കുന്ന രീതിയും മാനദണ്ഡം സംബന്ധിച്ചും വ്യക്തത വരുത്തണം)

(4) ബ്ലോക്കുതല ഭരണസമിതിക്ക് പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിന് ഓ ഫീസും ആധുനിക സംഭരണ ശാലകളും ആവശ്യമായ വാഹന സൗകര്യങ്ങളും ഏർപ്പെടുത്തേണ്ട താണ്.

(5) ബ്ലോക്കുതല ഭരണ സമിതിയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് ബ്ലോക്ക്തല ഭരണസമിതിക്ക് അധികാരമുണ്ട്. എന്നാൽ സംസ്ഥാനതല സമിതിയുടെ നിബന്ധനയ്ക്ക് വിധേയമായി അതത് ബ്ലോക്ക്തലത്തിൽ അപേക്ഷ ക്ഷണിച്ച് എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. നിലവിലെ ബ്ലോക്ക്തല ഭരണസമിതി അംഗങ്ങളുടെ ആശ്രിതരെ അതത് ബ്ലോക്ക്തലത്തിൽ അപേക്ഷിക്കാൻ അനുവദിക്കേണ്ട തില്ല.

എ. സംസ്ഥാനതല, സമിതിയുടെ നിബന്ധനകൾക്ക് വിധേയമായി അതത് സംഘങ്ങൾ നിയോഗിക്കുന്ന പരീക്ഷാബോർഡ് നടത്തുന്ന പരീക്ഷയുടെ അടിസ്ഥാന ത്തിലും അതത് സംഘം ഭരണസമിതിയിൽ നിന്നും ചുമതലപ്പെടുത്തുന്ന ഇന്റർവ്യൂ ബോർഡ് നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക്ലിസ്റ്റിൽ നിന്നുമാണ് നിയമനങ്ങൾ നടത്തേണ്ടത്.

ബി. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അതത് സംഘങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

(6) ബ്ലോക്കുതലംമുതൽ സെക്രട്ടറിയെയും സംഘം ജീവനക്കാരനായി പരിഗണിക്കേണ്ടതും മേൽപ്പടി പറഞ്ഞപ്രകാരം നിയമനം നടത്തേണ്ടതുമാണ്. നിയമാനുസൃതം സെക്രട്ടറിയെ നിയമിക്കുന്നതുവരെ ഭരണസമിതി യിലെ ഒരംഗത്തെ ഓണററിസെക്രട്ടറിയായി നിയമിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയും തുടർന്ന് സമാശ്വാസ ശമ്പളത്തിൽ പെയ്ഡ് സെക്രട്ടറിയെ നിയമിക്കേണ്ട തും സംഘം പ്രവർത്തനം സാമ്പത്തിക ലാഭം കൈവരിക്കു ന്നമുറയ്ക്ക് സെക്രട്ടറിക്ക് ശ മ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാവുന്നതുമാണ്.

(7) സംഘം പെയ്ഡ് സെക്രട്ടറിയുടെ യോഗ്യത:— പ്ലസ് ടു, പരീക്ഷ പാസ്സാ യതും ജെ.ഡി.സിയും. അല്ലെങ്കിൽ ബികോം കോപ്പറേഷൻ പാസ്സ്ഡ്. അതുമല്ലെങ്കിൽ

അംഗീകൃത ബിരുദവും എച്ച്.ഡി.സി.യും. അഭികാമ്യം. എന്നാൽ മറ്റ് തസ്തികകളിലെ യോഗ്യത, ശമ്പളം മറ്റ് ആനുകൂല്യങ്ങൾ, തസ്തികയുടെ പേര് എന്നിവ നിർണയിക്കാനുള്ള അവകാശം ബ്ലോക്കുതല സമിതിയിൽ നിക്ഷിപ്തമായിരിക്കും. നിയമനങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ സംഘം മിനിറ്റ്സ് ബുക്കിൽ അതത്പോലെ രേഖപ്പെടുത്തേതാണ്.

(നിലവിലുള്ള സംസ്ഥാന സഹകരണ നിയമം വകുപ്പ് 80 ലെ യോഗ്യതയും ആനുകൂല്യങ്ങളും സ്ഥാനക്കയറ്റവും, വിരമിക്കൽ, ശിക്ഷാനടപടികൾ, പുറത്താക്കൽ, പെൻഷൻ തുടങ്ങിയവ പിൻതുടരാവുന്നതും കാലാനുസൃതമായി ഭേദഗതി വരുത്താവുന്നതുമാണ്.)

(8) (എ) സംസ്ഥാനത്തെ ഓരോ ബ്ലോക്കുതല കേന്ദ്രങ്ങളിലും അതത് ബ്ലോക്ക് കേന്ദ്രങ്ങളിലെ പരിധിയിലുള്ള സ്വയംസഹായ സംഘങ്ങളുടെ (പി.എ.എസ്.സി.ജി.) രൂപീകരണം, ഏകീകരണം, പ്രോത്സാഹനം, എന്നിവ ബ്ലോക്കുതല കേന്ദ്രത്തിന്റെ പ്രധാന ചുമതലയാണ്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക സാധ്യത കൾക്ക് അനുസരിച്ച് അതത് പ്രദേശങ്ങളിൽ ആവശ്യമായിവരുന്ന കാർഷിക സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുക. ഓരോ ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങളിൽ സഹായിക്കുക.

(സി) ആധുനിക കൃഷിരീതികളിലേയ്ക്ക് കർഷകരെ പ്രാപ്തരാക്കുക. ഗുണ മേന്മയുള്ള വിത്തുകളും വളവും എത്തിച്ചുകൊടുക്കുക. സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക.

(ഡി) കാർഷിക സ്വയംസഹായ സംഘങ്ങളിൽ നിന്നും പ്രാദേശിക വിപണനത്തിനുശേഷം ഉൽപന്നങ്ങൾ ശേഖരിച്ച് സംഭരിക്കുന്നതിന് ആധുനിക സംഭരണ ശാലകൾ ബ്ലോക്കുതല റീജിയണുകളുടെ കീഴിൽ ആരംഭിക്കുക.

(ഇ) സ്വയംസഹായ സംഘങ്ങളിൽനിന്നും സംഭരിച്ച കാർഷികോൽപന്ന ങ്ങൾ കേടുകൂടാതെ സൂക്ഷിക്കുകയും പ്രാദേശിക വിപണികളിലേയ്ക്കും കേന്ദ്രീകൃത സംസ്കരണ ശാലകൾ, ശീതീകൃത സംഭരണികൾ, ശീതീകൃത വാഹന സംവിധാനം എന്നിവയിലേയ്ക്കും ആവശ്യമായവ കൈമാറ്റം ചെയ്യുക. സംഘത്തിന്റെ നേതൃത്വത്തിൽ വിള അടിസ്ഥാനത്തിൽ ആധുനിക കാർഷിക സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുക.

(എഫ്) കാർഷികോൽപന്നങ്ങളും സംസ്കരിച്ച മൂല്യവർധിത ഉൽപന്നങ്ങളും വിപണനത്തിനായി ബ്ലോക്കുതല കേന്ദ്രങ്ങൾ ആരംഭിക്കുക.

(ജി) വിവിധ ബ്ലോക്കു തല റീജിയ ണുകളിൽ നിന്നും ലഭ്യമാകുന്ന കാർഷികോൽ പ്പന്നങ്ങൾക്കും പരസ്പര വിപണിയൊരുക്കുക.

(എച്ച്) ബ്ലോക്കുതല റീജിയ ണുകളുടെ കീഴിലുള്ള കാർഷിക സ്വയംസഹായ സംഘം ഗ്രൂപ്പിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സംവിധാനങ്ങളൊരുക്കുക.

(ഐ) കൃഷിയിടങ്ങളിൽ വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് അടിയന്തര നഷ്ടപരിഹാരവും കാർഷിക ഇൻഷ്വറൻസും മറ്റു സുരക്ഷയും ഏർപ്പെടുത്തുക.

(ജെ) കൃഷിയിടങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക.

(കെ) കൃഷിയിടങ്ങളിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഇടങ്ങളിൽ സൗരോർജ്ജ വൈദ്യുത സംവിധാനങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക.

(എൽ) പ്രകൃതി ദുരന്തങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനഷ്ടം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സംയോജിച്ച് അടിയന്തര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുക.

(എം) ടൂറിസം സാധ്യതകളുള്ള കൃഷിയിടങ്ങളിൽ ഫാം ടൂറിസം പദ്ധതികളും സംയോജിത കൃഷിയും നടപ്പാക്കുന്നതിന് ആവശ്യമായ പശ്ചാത്തല സാങ്കേതിക സൗകര്യങ്ങളൊരുക്കുക.

(9) ബ്ലോക്ക്തല സംഘം ഭരണസമിതി അംഗങ്ങൾക്ക് സംഘത്തിന്റെ ആവശ്യ ത്തിലേയ്ക്കുള്ള യാത്രാ ചെലവും ഒരുനിശ്ചിത തുക ഓണറേറിയവുമായും നൽകാവുന്നതാണ്.

## 6. <u>സംസ്ഥാനതല കാർഷിക സാമൂഹിക സഹകരണ സംസ്കരണ– വിപണന കേന്ദ്രത്തിന്റെ രൂപീകരണം, ഘടന, കർത്തവ്യങ്ങൾ</u>

കേരള ആധുനിക കാർഷിക സാമൂഹ്യ സഹകരണ കാർഷികോൽപ്പന്ന സംസ്കരണ വിപണന കേന്ദ്രത്തിന്റെ ഭരണസമിതി താഴെപ്പറയും പ്രകാരം രൂപീകരിക്കേണ്ട താണ്.

(1) സംസ്ഥാന സമിതിയുടെ അംഗങ്ങളിൽ നിന്നും സമിതി അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു കർഷക പ്രതിനിധി ചെയർമാൻ ആയിരിക്കുന്നതാണ്.

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കാർഷിക വിദഗ്ധൻ വൈസ്ചെയർമാൻ ആയിരിക്കേണ്ടതാണ്.

(3) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറ യാത്ത ഒരംഗം (എക്സ് ഒഫിഷ്യോ).

(4) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന കൃഷിവകുപ്പ് ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറ യാത്ത ഒരംഗം (എക്സ് ഒഫിഷ്യോ).

(5) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന തദ്ദേശസ്വ യംഭരണ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറ യാത്ത ഒരംഗം (എക്സ് ഒഫിഷ്യോ).

(6) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ഫിനാൻസ് വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറ യാത്ത ഒരംഗം (എക്സ് ഒഫിഷ്യോ).

(7) ബ്ലോക്കുതല സമിതിയിൽ നിന്നോ, അല്ലാതെയോയുള്ള കർഷകരിൽ നിന്നും 6 പേർ.

(8) ബ്ലോക്കുതല സമിതിയിൽ നിന്നോ അല്ലാതെയോയുള്ള കർഷകതൊഴിലാളി കളിൽ നിന്ന് 4 പേർ.

(9) സർക്കാർ നിർദ്ദേശിക്കുന്ന കാർഷിക മേഖ ലയിൽനിന്നുള്ള നിയമസഭാ സാമാജികർ 3 പേർ (അതിൽ ഒരാൾ പ്രതിപക്ഷ നിയമസഭ സാമാജികൻ ആയി നിശ്ചയിക്കാവുന്നതാണ്.)

(എക്സ് ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ളവരെ സർക്കാർ നോമിനേഷൻ ഒഴിവാക്കി ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കാവുന്നതാണ്. സംസ്ഥാനതല ഭരണ സമിതിയിലേയ്ക്ക് ബ്ലോക്ക്തല ഭരണ സമിതി പ്രസിഡന്റിനോ പകരമായി അതത് ഭരണ സമിതി ശുപാർശ ചെയ്യുന്ന ഒരു അംഗത്തിനോ വോട്ടവകാശം നൽകാവുന്നതാണ്. നിലവിൽ സഹകരണ സംഘം ഭരണസമിതി തെരഞ്ഞെടുപ്പിന്റെ മാതൃക തന്നെ അവലം ബിക്കാവുന്നതാണ്.)

(10) സംസ്ഥാനതല സമിതിക്ക് പ്രവർത്തനകേന്ദ്രമായി ഒരു ഓഫീസും അനുബന്ധ സ്ഥാപനങ്ങളും വാഹന സൗകര്യവും ഒരുക്കാവുന്നതാണ്.

(11) സംസ്ഥാനതല ഭരണ സമിതി അംഗങ്ങൾക്ക് (എക്സ് ഒഫീഷ്യോ ഉണ്ടെങ്കിൽ അവർ ഒഴികെ) ഭരണസമിതിയുടെ ആവശ്യത്തിനായുള്ള യാത്രാ ചെലവും നിശ്ചിത ഓണറേറിയവും നൽകാവുന്നതാണ്.

7. ബ്ലോക്കുതല, സംസ്ഥാനതല, സമിതികളുടെ ഔദ്യോഗിക കാലാവധി.—(1) ഈ ആക്ടിൽ മറ്റുതരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഒഴികെ അതത് സംഗതിപോലെ, സംസ്ഥാന ആധുനിക കർഷക സാമൂഹ്യ സഹകരണ സംസ്കരണ വിപണന കേന്ദ്രം എന്നിവയിലെ എക്സ്ഒഫിഷ്യോ മെമ്പർമാർ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ 5 വർഷംവരെ ആയിരിക്കുന്നതും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) ഏതൊരു അംഗത്തിനും അതത് സംഗതിപോലെ സർക്കാരിനെ രേഖാമൂലം അറിയിച്ചുകൊണ്ട് രാജിവയ്ക്കാവുന്നതാണ്. രാജി സ്വീകരിക്കുന്ന മുറയ്ക്ക് അയാൾ അംഗമല്ലാതാ യിത്തീരുന്നതുമാണ്.

8. ഒഴിവ്, ന്യൂനത എന്നീകാരണങ്ങളാൽ ബ്ലോക്കുതല, സംസ്ഥനതല സമിതികൾ അസാധുവാകുന്നില്ലെന്ന്.—

സംസ്ഥാന, ബ്ലോക്കുതല സമിതികളെടുത്ത ഏതൊരുതീരുമാനവും നടപടിയും,—

(എ) മേൽപ്പറഞ്ഞ ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ന്യൂനതയുടെയോ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത മേൽപ്പറഞ്ഞ സംഘങ്ങളുടെ നടപടിയിലുള്ള ഏതെങ്കിലും ക്രമക്കേടിന്റെയോ

കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

9. ഒഴിവുകൾ.—

അതത് സംഗതിപോലെ സംസ്ഥാന, ബ്ലോക്കുതല സമിതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ കഴിയുന്നതും വേഗം നികത്തേണ്ടതാണ്.

(വോട്ടിങ്ങിലൂടെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണെങ്കിൽ ഒഴിവുവന്ന ദിവസം മുതൽ ആറുമാസത്തിനമ്പായി അതത് സംഗതിപോലെ തെരഞ്ഞെടുക്കേതാണ്.)

10. സംസ്ഥാനതല സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—

(എ) ബ്ലോ ക്കുതല സമിതികളുടെ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാന – കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികൾ സംയോജിപ്പിക്കുന്നതിനും വിവിധ പദ്ധതികൾക്ക് ആവശ്യമായ

സാമ്പത്തികവും വായ്പയും മറ്റും സംഘടിപ്പിക്കുന്നതിന് (കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റ് ലോൺ എന്നിവ സമാഹരിക്കുകയും ചെയ്യുക)

(ബി) ബ്ലോക്ക് തല സമിതികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനു സഹായിക്കുകയും ടി സംഘങ്ങൾ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതായി ഉറപ്പു വരുത്തുക;

(സി) ആവശ്യമെങ്കിൽ ബ്ലോക്ക്തല സമിതികളുടെ ഭരണ സമിതി യോഗങ്ങളിൽ നിരീക്ഷകരായി എത്തുകയും പ്രവർത്തനങ്ങൾ നേരിൽ വിലയിരുത്തി ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതുമാണ;

(ഡി) സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെ സേവനവും സഹകരണവും സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉറപ്പു വരുത്തുന്നതിന് ഇടപെടൽ നടത്തുക;

(ഇ) കാർഷിക മേഖലയെ ആധുനികവൽക്കരിക്കുന്നതിന് ആവശ്യമായ ഗവേഷണാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക;

(എഫ്) ബ്ലോക്ക്തല സംഘങ്ങളിൽ നിന്നും വരുന്ന അപ്പീലുകൾ പരിഗണിക്കുകയും ഒത്തുത്തീർപ്പ് ആക്കുകയും ചെയ്യുക;

(ജി) സംഘങ്ങൾക്ക് ഏതെങ്കിലുംവിധ നിയമോപദേശമോ നിയമ വ്യവഹാരമോ ആവശ്യമായി വന്നാൽ അതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുക;

(എച്ച്) ബ്ലോക്ക്തല ഭരണ സമിതി തെരഞ്ഞെടുപ്പ്, ജീവനക്കാരുടെ നിയമനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുകയും അവ കുറ്റമറ്റ നിലയിൽ നടക്കുന്നതായി ഉറപ്പു വരുത്തുകയും ചെയ്യുക

(ഐ) ആക്ടിലെ വകുപ്പുകളിൽ കാ ലാനുസൃതമായ ഭേദഗതി ആവശ്യമാകുമ്പോൾ ആയത് നിയമഭേദഗതി നടത്തുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽ കൊ ണ്ടുവരികയും അതിന് ആവശ്യമായ സഹകരണം നൽകുകയും ചെയ്യുക

(ജെ) പ്രകൃതി ദുരന്തവും വന്യമൃഗങ്ങൾ മൂലമുള്ളതും കീടബാധമൂലവും വ്യാപകമായി കൃഷി നാശം വരുമ്പോൾ അതത് സമയത്ത് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക;

(കെ) ബ്ലോക്ക്തല സംഘങ്ങളിൽ 10 വീതം ( 30 എണ്ണമായി വർദ്ധിപ്പിച്ചാൽ) അല്ലെങ്കിൽ എത്രയാണോ അതിന്റെ മൂന്നിലൊന്ന് ഭാഗം ഉൾപ്പെടുത്തി സംസ്ഥാനത്ത് 3 കാർഷിക വ്യവസായ പാർക്ക് ആരംഭിക്കുകയോ കിൻഫ്ര ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ചു കാർഷിക വ്യവസായങ്ങൾ വികസിപ്പിക്കുകയോ ചെയ്യുക;

(എൽ) കാർഷിക വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്താൻ ആവശ്യമായ വകുപ്പ്തല നടപടികൾ സ്വീകരിക്കുക;

(എം) വിള അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള കാർഷികോൽപന്ന സംഭരണ കേന്ദ്രങ്ങളും അത്യാധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടു കൂടിയ ആധുനിക വൻകിട കാർഷിക വ്യവസായ സംസ്കരണ കേന്ദ്രങ്ങളും ആരംഭിക്കുക;

(എൻ) കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും അവയ്ക്ക് കേരള ബ്രാന്റ് നൽകി പ്രാദേശികവും ആഗോളതല ത്തിലും ഉല്പന്നവിതരണ ശൃംഖല ഉണ്ടാക്കി ഓപ്പൺ മാർക്കറ്റ്, ഓൺലൈൻ മാർക്കറ്റ്, ഡിജിറ്റൽ മാർക്കറ്റ് എന്നിവയിലുടെ മാർക്കറ്റിംഗ് ശൃംഖല വ്യാപിപ്പിച്ച് മത്സരാധിഷ്ഠിത കമ്പോളത്തിൽ മേൽക്കൈ നേടാൻ കഴിയുന്നതിനും ഉതകുന്ന തരത്തിൽ മാർക്കറ്റിംഗ് സംവിധാനം രൂപപ്പെടുത്തുക. നിലവിൽ സർക്കാർ–അർദ്ധ സർക്കാർ സ്ഥാപനങ്ങൾ പൊതു–സഹകരണ–സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾ, പൊതുവിതരണ സംവിധാനം, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി, അ ങ്കണ വാടി പദ്ധതി, മറ്റു സംസ്ഥാന–കേന്ദ്ര സർക്കാർ പദ്ധതികൾ തുടങ്ങിയവയിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പു വരുത്തേണ്ട താണ്;

(ഒ) പ്രാഥമിക കാർഷിക സ്വയം സഹായ സംഘങ്ങൾക്ക് ഉത്പന്നം നൽ കുന്ന അംഗകർഷകർക്കും അംഗമല്ലാത്ത കർഷകർക്കും എല്ലാ വിളകളിലും ഉത്പാദന ചെലവിന്റെ 50% അധികരിച്ച ചുരുങ്ങിയ തറ വില ലഭ്യമാ ക്കേണ്ട താണ്;

(പി) അംഗ കർഷകരിൽ നിന്നും സംഭരിച്ച കാർഷിക ഉത്പന്നങ്ങൾ സംസ്ക്കരിച്ചു മൂല്യവർദ്ധിത ഉപഭോക്തൃ ഉൽപ്പന്നമാക്കി ബ്രാൻഡ് അടിസ്ഥാനത്തിൽ വിപണനം ചെയ്യുകവഴി ലഭിക്കുന്ന മിച്ച വരുമാനത്തിൽ നിന്ന് നിശ്ചിത ശതമാനം തുക ഉൽപ്പന്നത്തിന്റെ അളവിന് ആനുപാതികമായി പ്രാഥമിക ഉത്പാദകരായ കർഷകർക്ക് അധിക വിലയും തൊഴിലാളികൾക്ക് അധികവേതനവും ആയി ലഭ്യമാക്കുന്നതിനു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ട താണ്;

(ക്യു) എല്ലാ കർഷകരുടെയും എല്ലാ ഉൽപ്പന്നങ്ങൾക്കും ചുരുങ്ങിയ തറവില ഉറപ്പു വരുത്താൻ കേന്ദ്ര സംസ്ഥാന സർക്കാർ പിന്തുണയോടെ ബജറ്റ് വിഹിതം, സർക്കാർ ഗ്യാ രണ്ടിയോടെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പലിശ രഹിത വായ്പ, ഉപഭോക്തൃ ഉൽപ്പന്ന വിപണനത്തിലൂടെ ലഭിക്കുന്ന മിച്ചവരുമാനത്തിൽ നിശ്ചിത ശതമാനം തുക എന്നിവ ഉപയോഗപ്പെടുത്തി വിലസ്ഥിരതാനിധി രൂപികരിച്ചു പ്രവർത്തിപ്പിക്കുന്നതാണ്. സംഘങ്ങളിലെ അംഗങ്ങളായ എല്ലാ കർഷകർക്കും വിലസ്ഥിരതാനിധിയുടെ പിന്തുണ ലഭ്യമാക്കുന്നതാണ്. ബ്രാൻഡ് അടിസ്ഥാനത്തിൽ സംസ്കൃത–മൂല്യവർദ്ധിത– ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന മിച്ച വരുമാനത്തിൽ നിശ്ചിത ശതമാനം വിലസ്ഥിരത നിധിയിലേക്ക് മുതൽകൂട്ടുന്നതും ഭാവിയിൽ സ്വാശ്രയമായി നിലനിൽക്കാൻ സാധിക്കും വിധം നിധിയെ ശകതിപ്പെടു ത്ത ുന്നതുമാണ്. വിള ഇൻഷുറൻസ്, നഷ്ടപരിഹാരം എന്നിവക്കുള്ള പദ്ധതികൾ നിധിയുടെ പിന്തുണയോടെ വികസിപ്പിക്കുന്നതാണ്;

(വി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും ഉള്ള കാർഷിക സംസ്ക്കരണ വ്യവസായങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് നിശ്ചിത ചുരുങ്ങിയ തറ വില നൽകി സംഭരിക്കേണ്ട താണ്;

നിശ്ചിത തറവില യിൽ കുറഞ്ഞ നിരക്കിൽ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത് നിയമപരമായ കുറ്റമായി പരിഗണിച്ചു നടപടികൾ സ്വീകരി ക്കേണ്ട താണ്. തറവില നിശ്ചയിക്കാനും അതതു സമയം പുതുക്കാനും ഉള്ള സംവിധാനം ഉറപ്പുവ രുത്തേണ്ടതാണ്.

(ഡബ്ല്യു) സർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയും വിവിധ കാർഷിക വിക സന പദ്ധതികളും കുടുംബശ്രീ പോലുള്ള ജനകീയ സ്ഥാപനങ്ങളുമായും സമാന സ്വഭാവമുള്ള സംഘങ്ങളുമായും സഹകരിക്കാൻ കഴിയുന്ന മേഖലകളിലെല്ലാം സഹക രണം ഉറപ്പു വരുത്തേണ്ട താണ്. അതോടൊപ്പം വയനാട് ബ്രഹ്മഗിരി പദ്ധതിയും ബ്രഹ്മ ഗിരി വികസന സൊസൈറ്റിയെയും ഇതിന്റെ പ്രായോഗിക മാതൃകയായി സ്വീകരിക്കാവുന്നതാണ്.

11. <u>സംസ്ഥാന, ബ്ലോക്കുതല കാർഷിക സാമൂഹിക സഹകരണ സംസ്കരണ വിപ ണന കേന്ദ്രത്തിന്റെ ഫണ്ടുകളുടെ രൂപീകരണം:</u>—അതത് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ വാർഷിക ബജറ്റിൽ നിന്നും നിശ്ചിത തുക ഉൾപ്പെടുത്തുകയും വിവിധ സർക്കാർ പദ്ധതി പ്രകാരം നൽകുന്ന തുകയും നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ, ഗ്രാന്റ് എന്നിവയിലൂടെയും ഈ ലക്ഷ്യത്തിനായി സംസ്ഥാന–കേന്ദ്ര സർക്കാരുകളുടെ പിന്തുണയോടെ സവിശേഷ പദ്ധതി

ആവിഷ്ക്കരിച്ചു ലഭ്യമാക്കുന്ന വിഹിതവും മൂല്യവർദ്ധിത ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന മിച്ച വരുമാനത്തിന്റെ നിശ്ചിത തുകയും ചേരുന്നതാണ്.

12. വാർഷിക റിപ്പോർട്ടും കണക്കും:— ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച് മൂന്നു മാസത്തിനുള്ളിൽ തൊട്ടുമുൻവർഷത്തെ കാർഷിക റിപ്പോർട്ടും സംഘം നിയോഗിക്കുന്നവർ ഓഡിറ്റ് ചെയ്യുന്ന പ്രകാരമുള്ള കണക്കുകളും കൗൺസിലിൽ അവതരിപ്പിച്ച് പാസാക്കേതാണ്.

13. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം:—(1) ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മുഖേന ഈ ആക്ട് നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ ചട്ടങ്ങളും സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെ 14 ദിവസത്തേയ്ക്ക്, അതൊരു സമ്മേളനത്തിലോ, തുടർച്ചയായുള്ള സമ്മേളനങ്ങളിലോ ഉൾപ്പെടെ വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ, അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനങ്ങളോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതിവരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ട തില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ഈ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമു ണ്ടായിരിക്കുന്നതോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ, ദുർബലപ്പടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ട താണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

രാജ്യത്തെ കാർഷികമേഖല വിവിധങ്ങളായ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പ്രതികൂല പരിതസ്ഥിതികളെ മറികടന്ന് കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികോത്പ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാൽ കർഷക ആത്മഹത്യകൾ പെരുകുകയും കാർഷികജനതയുടെ ജീവിതം ദൈനംദിനം കൂടുതൽ പ്രതിസന്ധികളെ നേരിടുകയുമാണ്.

ലോകവ്യാപകമായ പഠനങ്ങൾ ചൂണ്ടികാട്ടുന്നത് കാർഷിക ഉത്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉപഭോക്തൃ ഉത്പന്നങ്ങളുടെ മൂല്യത്തിന്റെ കേവലം

10 ശതമാനമോ അതിൽ താഴെയോ മാത്രമാണ് പ്രാഥമിക ഉത്പാദകരായ കർഷകർക്ക് ലഭിക്കുന്നത് എന്നാണ്.

കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും അവരെ മോചിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനുള്ള കേന്ദ്രീകൃതവും ആധുനികവുമായ സംഭരണകേന്ദ്രങ്ങളും കാർഷികോത്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും അവയ്ക്ക് പ്രാദേശികവും വൈദേശീയവുമായ വിപണി കണ്ടെത്തേണ്ട തിന്റെയും അതുവഴിയുണ്ടാകുന്ന മിച്ചവരുമാനം കർഷക തൊഴിലാളികൾക്ക് അധിക വേതനവും കർഷകർക്ക് അധിക വിലയുമായി മാറ്റി കാർഷിക ജനതയെ സംരക്ഷിക്കുന്നതിനും പുരോഗതിയിലേയ്ക്ക് നയിക്കേണ്ടതും പുരോഗമന സമൂഹത്തിന്റെ ബാധ്യതയാണ്.

കർഷക കൂട്ടായ്മയിലൂടെ ഓരോ പ്രദേശത്തിന്റെയും സാധ്യതകൾക്കനുസരിച്ച് പരമ്പരാഗതവും ആധുനിക കൃഷിരീതികളും സംയോജിപ്പിച്ച് ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നതിനും ഉത്പാദനതോത് വർദ്ധിപ്പിക്കുന്നതിനും കൃഷിഭൂമിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും അതത് കാർഷിക സ്വയം സഹായ സംഘങ്ങളുടെ കൂട്ട്കൃഷി പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉത്പന്നത്തിന് ന്യായവില ഉറപ്പാക്കുന്നതിനും പ്രാദേശിക വിപണിയും വ്യത്യസ്ത ഉത്പന്നങ്ങളുടെ കൈമാറ്റത്തിലൂടെ പ്രാദേശിക വിപണി സൗകര്യം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ മേഖലയിലുണ്ടാകുന്ന അപകടങ്ങളും ജീവാപായങ്ങളും ഒഴിവാക്കുന്നതിനും അവരുടെ കുടുംബത്തിന് സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും വന്യമൃഗങ്ങളുടെ അതിക്രമങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, കീടബാധ, വിളനാശത്തിനും നഷ്ടപരിഹാരവും കർഷകർക്കും കൃഷിക്കും ഇൻഷ്വറൻസ് സുരക്ഷയും ഉറപ്പാക്കേണ്ടതാണ്.

ഈ ബിൽ പൂർണ്ണമായും കർഷകർക്കും കർഷകതൊഴിലാളികൾക്കും സമ്പൂർണ അധികാരാവകാശങ്ങളോടെയാണ് വിഭാവന ചെയ്തിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ സാങ്കേതിക സഹകരണവും വിവിധ സർക്കാർ സംവിധാനങ്ങളുടെ സാമ്പത്തികവും സാങ്കേതികവുമായ സഹായ സഹകരണവും നിയമപരിരക്ഷയും പ്രോത്സാഹനവും ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാണ് നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നത്.

മാത്രവുമല്ല വിവിധ സർക്കാർ പദ്ധതികൾക്ക് ഒരു ഏകീകൃത രൂപം കൈവരിക്കാനും കാർഷിക ആസൂത്രണത്തിലൂടെ കാർഷികവൃത്തി പരിപോഷിപ്പിക്കാനും പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ചുരുങ്ങിയ വിലക്ക് വിൽക്കാൻ നിർബന്ധിതമാകുന്ന സാഹചര്യം ഒഴിവാക്കാൻ വിള അടിസ്ഥാനത്തിൽ ആധുനിക

കാർഷിക സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിച്ചു മൂല്യവർദ്ധനവ് വരുത്തി ബ്രാൻഡ് ചെയ്തു ഉപഭോക്തൃ ഉൽപന്നങ്ങളാക്കി ഇ –ട്രേഡ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തി പ്രാദേശിക തലത്തിലും ആഗോള തലത്തിലും ഉള്ള വിപണികളിൽ വിപണനം ചെയ്യാനും അതിലൂടെ ലഭിക്കുന്ന മിച്ചം കർഷകർക്ക് അധിക വിലയും തൊഴിലാളികൾക്ക് അധിക വേതനവും ആയി പുന:വിതരണം ചെയ്യാനും സാധിക്കുന്നതാണ്.

അതിലൂടെ വൻകിട കോർപറേറ്റ് കുത്തക കമ്പനികളുടെയും അവയുടെ ഇടനിലക്കാരുടെയും ചൂഷണം ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിക്കുന്നതാണ്. കർഷകരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ തൊഴിലാളി സ്വയംപരിപാലന നയത്തിന് വിധേയമായി സാമൂഹ്യ സഹകരണ സംഘങ്ങളുടെ ആധുനിക ഭരണസംവിധാനം ഉറപ്പുവരുത്താവുന്നതാണ്. ഇതിനാവശ്യമായ നിയമപരമായ പരിരക്ഷ ഉറപ്പുവരുത്താൻ ഈ നിയമനിർമ്മാണത്തിലൂടെ സാധിക്കുന്നതാണ്.

കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സംരക്ഷിക്കുവാൻ കഴിയാതെ വരുന്നതുമൂലമുള്ള നാശനഷ്ടം ഒഴിവാക്കാനായി ആധുനിക സംഭരണശാലകൾ ആരംഭിക്കുന്നതിനും സംഭരിക്കുന്ന കാർഷികോത്പന്നങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും അവയ്ക്ക് പ്രാദേശികവും വൈദേശികവുമായ വിപണി ക ണ്ടെത്തുന്നതിന് ആകർഷകമായ വൻകിട മാർക്കറ്റുകൾ ഓൺ–ലൈൻ, ഡിജിറ്റൽ മാർക്കറ്റിങ്ങ് ഒരുക്കി വിപണി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കാലോചിതമായ കാർഷിക–വ്യവസായ സംസ്കാരം രൂപപെടുത്തുന്നതിനാ യി സംസ്ഥാനത്ത് ആധുനിക കാർഷിക സാമൂഹിക–സഹകരണവും (സംസ്കരണവും– വിപണനവും) വഴി ആധുനിക സമൂഹ നിർമിതിയുടെ ഭാഗഭാക്കാവുന്നതിനും ഇത്തരത്തിൽ ഒരു നിയമ നിർ മ്മ ാണം അനിവാര്യമായിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേയ്ക്കായി വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ വകുപ്പ് 13 പ്രകാരം സർക്കാരിൽ അധികാരപ്പെടുത്തുന്നു.

ഏതുകാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയ ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക വിധേയവുമാണ്. ഏൽപ്പിച്ചകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതുമാകുന്നു.

എ. സി. മൊയ്തീൻ, എം, എൽ. എ.